# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂണ്‍ 22, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 356)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി | 2838 മുതല്‍ 2915 വരെ |
| മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 2916 മുതല്‍ 2958 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 2959 മുതല്‍ 3090 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 3091 മുതല്‍ 3193 വരെ |

### വാര്‍ഷിക പദ്ധതി

2838 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ഷിക പദ്ധതിയില്‍ ചെലവഴിക്കേണ്ട തുകയുടെ ഭൂരിഭാഗവും മാര്‍ച്ച് മാസത്തില്‍ എങ്ങനേയും ചെലവിട്ടു തീര്‍ക്കുന്ന ഇപ്പോഴത്തെ രീതിക്ക് മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോഴത്തെ രീതി മാറ്റി പുതിയ എന്തെല്ലാം സംവിധാനങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് വിശദമാക്കുമോ;

(സി) പദ്ധതികള്‍ നടപ്പാക്കുന്നത് ഉറപ്പാക്കാന്‍ വകുപ്പ് തലത്തിലും ആസൂത്രണ ബോര്‍ഡിലും സമിതികള്‍ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പദ്ധതികളുടെ പൂർത്തീകരണത്തിനുണ്ടായ കാലതാമസം**

**2839 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പല പദ്ധതികളുടെയും പൂർത്തീകരണത്തിനുണ്ടാകുന്ന കാലതാമസം മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ആസൂത്രണ വകുപ്പിന്റെ പഠനത്തിന് വിധേയമായിട്ടുണ്ടോ ;

(ബി) പ്രൊജക്ടുകൾ നിശ്ചിത സമയത്തും അംഗീകരിച്ച തുകയ്ക്കും പൂർത്തീകരിക്കുന്നതിന് പുതുതായി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഇ- ഗവേണൻസ് പദ്ധതി**

2840 ശ്രീ. വി. ഡി. സതീശൻ
'' ലൂഡി ലൂയിസ്
'' അൻവർ സാദത്ത്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാംപിട്രോഡ നിർദ്ദേശിച്ച ഇ-ഗവേണൻസ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയെ ദേശീയ നോളജ് നെറ്റ്വർക്കിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തുന്ന പദ്ധതിയുമായി എങ്ങനെ സംയോജിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടുകൂടിയാണ് ആയത് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതി

2841 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വെട്ടിചുരുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വെട്ടിച്ചുരുക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ പ്രസ്തുത കുടിശ്ശിക ഓരോ ജില്ലയിലും എത്ര വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ഡി) വേതനവും തൊഴിലുപകരണങ്ങളുടെ വാടകയും പതിനാല് ദിവസത്തിനുള്ളിൽ കൊടുത്തു തീർക്കണമെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാറുണ്ടോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടികൾ**

2842 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷത്തേക്കാൾ എത്ര കോടി രൂപയാണ് അധികമായി പ്രസ്തുത പദ്ധതിക്കു ചെലവഴിച്ചതെന്ന് പറയാമോ;

(സി) എത്ര ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയുണ്ടായെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം</u>**

2843 ശ്രീ. പാലോട് രവി
'' പി. എ. മാധവൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നത് ആരാണ് ;

(ബി) ഇവരെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത് ;

(സി) പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നു ;

(ഡി) ആയതിനായി പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പു പദ്ധതിയുടെ വിശദാംശങ്ങൾ**

**2844** ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നൽകുന്ന പ്രതിദിനവേതനം എത്രയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയുമോ;

(ബി) തൊഴിലുറപ്പു വേതനത്തിൽ മൊത്തം എത്ര തുക കുടിശ്ശികയുണ്ട്; പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

(സി) തൊഴിലാളികൾക്ക് കൃത്യമായി വേതനം നൽകാതെ പ്രസ്തുത പദ്ധതി അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

**2845 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷത്തിൽ നാദാപുരം മണ്ഡലത്തിൽ എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) നൂറ് തൊഴിൽ ദിനങ്ങൾ ലഭിച്ച എത്ര കുടുംബങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) ഇതുവരെയായി കൂലി ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ബി. പി. ഒ. മാരുടെ നിയമനം**

**2846 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സംസ്ക്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് എത്ര ബ്ലോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കാത്തത് മൂലം തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മുഴുവൻ ബ്ലോക്കുകളിലും ബി. പി. ഒ. മാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയ പരിപാടികൾ**

**2847** ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അഴിമതിരഹിതവും കാര്യക്ഷമവും ആയി നടപ്പാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പരിപാടികൾ എന്തെല്ലാം;

(ബി) അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ കഴിഞ്ഞ വർഷം ചെലവാക്കിയ തുക എത്രയെന്ന് പറയാമോ; ഇനം തിരിച്ച് ചെലവ് വ്യക്താമാക്കാമോ;

(സി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര തൊഴിൽദിനങ്ങൾ പ്രദാനം ചെയ്തുവെന്ന് പറയാമോ; പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനിതകൾക്കും പ്രദാനം ചെയ്ത തൊഴിൽദിനം സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(ഡി) എം എൻ ആർ ഈ ജി എസ് പദ്ധതിയിൽപ്പെടുത്തി കാർഷിക-ക്ഷീരമേഖലയുടെ നീർത്തട വികസനത്തിനായും കഴിഞ്ഞ വർഷം ആവിഷ്ക്കരിച്ച പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി</u>

2848

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി സംസ്ഥാനത്തെ എത്ര ബ്ലോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ബി.ഡി.ഒ. മാരല്ലാതെ സ്വതന്ത്ര ചുമതലയുള്ളവരുണ്ട്;

(ബി) എത്ര ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരാണ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ അധിക ചുമതല വഹിക്കുന്നത്;

(സി) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് എല്ലാ ബ്ലോക്കുകളിലും സ്വതന്ത്ര ചുമതലയുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ**

2849 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏതെല്ലാം മേഖലകളിലാണ് ഊന്നൽ നൽകുന്നതെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത്; നാളിതുവരെ എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ**

**2850 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷ പരിപാടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ/പരിപാടികൾ ഏതെല്ലാമാണ്;

(ബി) ഏതെല്ലാം പദ്ധതികളുടെ/പരിപാടികളുടെ മാർഗ്ഗനിർദ്ദേശങ്ങളാണ് 12-ാം പഞ്ചവത്സര പദ്ധതിയിൽ പുറപ്പെടുവിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പുകൾ ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

### സാമൂഹിക സാമ്പത്തിക സെൻസസ്

2851 **ശ്രീ. ഇ.പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പ് നടത്തുന്ന സാമൂഹിക സാമ്പത്തിക സെൻസസ് പ്രകാരമുള്ള കരട് ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അതുസംബന്ധിച്ചുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുവാനുള്ള നടപടിക്രമം എന്താണെന്നു വ്യക്തമാക്കുമോ?

(സി) സാമൂഹിക സാമ്പത്തിക സെൻസസ് പ്രകാരമുള്ള അന്തിമ ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാനാകും എന്നു വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പൗരന്മാരെ ബി.പി.എൽ, എ.പി.എൽ വിഭാഗമായി തരം തിരിക്കുവാൻ ഈ സാമൂഹിക സാമ്പത്തിക സെൻസസിന്റെ അന്തിമ ലിസ്റ്റ് മാനദണ്ഡമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമവികസന വകുപ്പു നടത്തുന്ന സാമൂഹിക സാമ്പത്തിക സെൻസസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

**2852 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പു നടത്തുന്ന സാമൂഹിക സാമ്പത്തിക സെൻസസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) പ്രസ്തുത സെൻസസ് നടത്തുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത സെൻസസിന്റെ നടത്തിപ്പിൽ ഏതെങ്കിലും സ്വകാര്യ ഏജൻസിക്കു പങ്കുണ്ടോയെന്നു പറയാമോ; ഏത് ഏജൻസിയെയാണ് സുപ്രധാന വിവരശേഖരണ പരിപാടിക്ക് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) വളരെയധികം ദേശീയ പ്രാധാന്യമുള്ള പ്രസ്തുത സെൻസസിന് ഇത്തരത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളെ പങ്കാളിയാക്കിയതിന്റെ സാഹചര്യം അറിയിക്കുമോ ;

(ഇ) പ്രസ്തുത സെൻസസ് നടത്തിപ്പിന് ആകെ എത്ര തുക ചെലവഴിച്ചു; എത്ര തുക സ്വകാര്യ ഏജൻസിക്കു നൽകാൻ വകയിരുത്തിയെന്ന് പറയാമോ ;

(എഫ്) ജനസംഖ്യാ കണക്കെടുപ്പ് ഉൾപ്പെടെയുള്ള പരിപാടികൾ വിജയകരമായി പൂർത്തീകരിക്കുവാൻ ഗവൺമെന്റ് ജീവനക്കാരെയും സംവിധാനങ്ങളെയും സാമൂഹിക സാമ്പത്തിക സെൻസസിന് ഉപയോഗിക്കാത്തത് എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമ വികസന വകുപ്പു നടത്തുന്ന സാമൂഹിക - സാമ്പത്തിക - ജാതി സെൻസസ്സിന്റെ വിശദാംശങ്ങൾ**

**2853 ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പു നടത്തുന്ന സാമൂഹിക സാമ്പത്തിക - ജാതി സെൻസസ് നടത്തുന്നതിന് വിവിധ ജില്ലകളിൽ ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങളെയാണ് സേവനദാതാക്കളായി ചുമതലപ്പെടുത്തിയിട്ടുളള തെന്നു പറയാമോ;

(ബി) സേവനദാതാക്കളായുളള സ്വകാര്യ സ്ഥാപനങ്ങൾ ഗവൺമെന്റുമായുണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരമുളള സേവനങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ സ്ഥാപനങ്ങൾ കരാർ ലംഘനം നടത്തിയതിനെതുടർന്ന് കരാർ ഉടമ്പടിയിലേർപ്പെട്ടിരിക്കുന്ന പൊതുമേഖലാ സ്ഥപനമായ പാലക്കാട് ഐ. റ്റി. ഐ, കരാർ ലംഘനം നടത്തിയ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണു സ്വീകരിച്ചതെന്നു അറിയിക്കുമോ;

(ഡി) പ്രസ്തുത സ്വകാര്യ ഏജൻസിയുടെ കെടുകാര്യസ്ഥതയെ തുടർന്ന് സെൻസസ് സമയപരിധി ദീർഘിപ്പിക്കേണ്ടി വന്നിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) സെൻസസ് സമയ പരിധി ദീർഘിപ്പിക്കേണ്ടിവന്നതിനെതുടർന്ന് സെൻസസ് പ്രവർത്തനത്തിന് എന്യൂമറേറ്റർമാരായി നിയോഗിച്ചിട്ടുളള സർക്കാർ ജീവനക്കാർ അധികമായി എത്ര ദിവസം ജോലി ചെയ്യേണ്ടതായിവന്നുവെന്നും അതിനായി എത്ര തുക ചെലവഴിക്കേണ്ടതായിവന്നുവെന്നും പറയാമോ;

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

| | |
|---|---|
| (എഫ്) | മേല്‍പ്പറഞ്ഞ തുക സേവനദാതാക്കളായ സ്വകാര്യ ഏജന്‍സിയില്‍ നിന്നും ഈടാക്കുവാന്‍ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ? |

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ**

**2854 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനം നടത്തിയ സർവ്വേ പ്രകാരം എത്ര കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്താനായുള്ള അപേക്ഷകൾ ജനസമ്പർക്കപരിപാടിയിൽ ലഭിച്ചിരുന്നുവോ ; എത്ര അപേക്ഷകളാണ് ഇത്തരത്തിൽ ലഭ്യമായതെന്ന് പറയാമോ ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) പന്ത്രണ്ടാം പദ്ധതിക്കാലത്തെ ഗ്രാമ-നഗര വികസന പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വികസന കമ്മീഷണർ ഇറക്കിയിട്ടുള്ള ഉത്തരവുകൾ**

**2855 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമവികസന കമ്മീഷണർ എന്തൊക്കെ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തൊഴിലുറപ്പ് പദ്ധതികൾ 2011-12 വർഷം സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 വർഷം എത്ര പഞ്ചായത്തുകൾ 50 ലക്ഷത്തിലധികം തുക ചെലവഴിച്ചുവെന്നും പ്രസ്തുത പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽദിനങ്ങളുടെ എണ്ണത്തിൽ കുറവ്**

2856 **ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെയും തൊഴിൽദിനങ്ങളുടെയും എണ്ണത്തിൽ കുറവ് വന്നിട്ടുളളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ് പദ്ധതിക്കായി 2011-12-ൽ എത്ര കോടി രൂപയാണ് കേന്ദ്രബജറ്റിൽ വകയിരുത്തിയത് എന്നും അതിൽ എത്ര കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ കുറവാണോ അതോ കൂടുതലാണോ 2011-12 സാമ്പത്തിക വർഷത്തിൽ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; കുറച്ചാണ് അനുവദിച്ചതെങ്കിൽ കൂടുതൽ തുക ലഭിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകള്‍**

2857 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, ബെന്നി ബെഹനാന്‍
,, കെ. ശിവദാസന്‍ നായര്‍
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകള്‍ തടയാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) ക്രമക്കേടുകള്‍ നിരീക്ഷിക്കാന്‍ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) ഇതിനായി എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥന്‍മാരെ നിയമിക്കുന്നകാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തൊഴിൽ ഉറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം**

**2858**

**ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ജോലി സമയം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ദേശീയ തൊഴിലുറപ്പ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ജോലി സമയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്കു നൽകുന്ന വേതനവും സംസ്ഥാനം നൽകുന്ന വേതനവും തമ്മിൽ അന്തരമുണ്ടോ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിദിന കൂലി വര്‍ദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം</u>**

**2859**

**ശ്രീ. എസ്. രാജേന്ദ്രന്‍**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) **തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിദിന കൂലി 200 രൂപയായി വര്‍ദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് അത് 164 ആക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നറിയാമോ;**

(ബി) **കൂലി 200 രൂപയായി നിശ്ചയിച്ചുകിട്ടാന്‍ കേന്ദ്ര ഗവണ്‍മെന്റില്‍ സമ്മര്‍ദ്ദം ചെലുത്തുമോ;**

(സി) **സ്ത്രീ തൊഴിലാളികളുടെ ജോലി സമയം രാവിലെ 8 മുതല്‍ വൈകുന്നേരം 5 വരെ എന്നത് മാറ്റി രാവിലെ 9 മുതല്‍ വൈകുന്നേരം 4 വരെ എന്നാക്കുന്നത് സംബന്ധിച്ച് സര്‍ക്കാര്‍ ഉറപ്പ് നല്‍കിയിരുന്നോ; എങ്കില്‍ ഇതു സംബന്ധിച്ചുള്ള ഉത്തരവിറക്കാന്‍ എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ?**

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വൈക്കം നിയോജകമണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി**

**2860 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-2012 വർഷം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും തൊഴിലുറപ്പ് പദ്ധതി പ്രകാരം ശരാശരി എത്ര ദിവസം വീതം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ 2011-12-വർഷം ഓരോ പഞ്ചായത്തിലും എത്ര ആളുകൾ വിതം (ഓരോ പഞ്ചായത്തിലെയും ആകെ എണ്ണം) തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും 2011-12 വർഷം തൊഴിലുറപ്പ് പദ്ധതിയ്ക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**തൊഴിലുറപ്പ് തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ**

**2861 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിയൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത യൂണിയൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഏർപ്പെട്ടിട്ടുളള കുടുംബങ്ങൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ റേഷനരി നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ദേശീയ തൊഴിലുറപ്പ് പദ്ധതികളുടെ മേൽനോട്ടം**

**2862** **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പുപദ്ധതിയുടെ മേൽനോട്ടത്തിൽ നിന്ന് കുടുംബശ്രീയെ ഒഴിവാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) കുടുംബശ്രീയുടെ മേൽനോട്ടത്തിൽ പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും കോട്ടം നേരിട്ടതായി കരുതുന്നുണ്ടോ;

(സി) മറ്റേതെങ്കിലും ഏജൻസികളെ ഇതിന്റെ മേൽനോട്ടം ഏൽപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;
വിശദമാക്കുമോ?

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

**<u>കുടുംബശ്രീയെ തകർക്കാനുള്ള ശ്രമത്തിന്റെ വിശദാംശങ്ങൾ</u>**

**2863 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതല നിർവ്വഹിക്കുന്ന മേറ്റുമാരെ കുടംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്നത് നിർത്തലാക്കാൻ കാരണമെന്താണ് ;

(ബി) സ്ത്രീ ശാക്തീകരണത്തിൽ ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള കുടുംബശ്രീയെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് പുതിയ ഉത്തരവിന്റെ പിന്നിലെന്ന ആക്ഷേപത്തിന് കഴമ്പുണ്ടോ ;

(സി) പുതിയ ഉത്തരവിലൂടെ പദ്ധതി നടത്തിപ്പിന്റെ സുതാര്യത നഷ്ടപ്പെടുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പി. എം. ജി. എസ്.വൈ പദ്ധതിയിൽ സംസ്ഥാനത്ത് പൂർത്തിയാക്കേണ്ട പദ്ധതികൾ**

**2864** **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി. എം. ജി. എസ്.വൈ പദ്ധതിയിൽ 2011 -12 വർഷം വരെ ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കേണ്ടതായി ഏതെല്ലാം പദ്ധതികളുണ്ടെന്ന് പറയാമോ;

(ബി) ഇവയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളുണ്ടെന്നും അവ പൂർത്തീകരിക്കുന്നതിലുള്ള തടസ്സങ്ങളെന്താണെന്നും പറയാമോ;

(സി) 2011-12 വർഷത്തിൽ ചേലക്കര മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ.</u>

**2865** **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജന (പി. എം. ജി. എസ്. വൈ.) പദ്ധതി പ്രകാരം എത്ര റോഡുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്;

(ബി) എങ്കിൽ ഏതൊക്കെയെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദീകരിക്കുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>പി. എം. ജി. എസ്.വൈ. പദ്ധതിയിൽ കുന്ദമംഗലം ബ്ലോക്കിൽ നിന്നുള്ള റോഡുകൾ</u>**

**2866** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്.വൈ. പദ്ധതിയിൽ കുന്ദമംഗലം ബ്ലോക്കിൽ നിന്നുള്ള പുതിയ ഫേസിലേക്ക് ഏതെല്ലാം റോഡുകൾക്കാണ് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) പ്രസ്തുത റോഡുകളുടെ വീതി 8 മീറ്ററിൽ നിന്ന് 6 മീറ്ററാക്കി കുറയ്ക്കാനുള്ള നിർദ്ദേശം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി</u>

2867 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പൂർത്തിയാക്കാനുള്ള 720 കി.മീ. റോഡ് നിർമ്മാണത്തിന് മാറ്റങ്ങളോടെ സമർപ്പിച്ച പുതുക്കിയ പദ്ധതി കേന്ദ്രം അംഗീകരിച്ചുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് മാറ്റം വരുത്തിയ പദ്ധതിക്ക് കേന്ദ്രം അനുമതി നൽകാതിരുന്നത് എന്നറിയിക്കുമോ ;

(ബി) 2006-ൽ സംസ്ഥാനം സമർപ്പിച്ച കോർനെറ്റ്വർക്ക് പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾ ഉൾക്കൊളളിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാരിന് കൈമാറിയത് ;

(സി) സർക്കാർ മുന്നോട്ടുവച്ച മാറ്റങ്ങൾ കേന്ദ്രം അംഗീകരിക്കാത്തതു കൊണ്ട് പദ്ധതി നടത്തിപ്പിൽ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് ഉണ്ടാകാനിടയുളളതെന്ന് പറയാമോ ;

(ഡി) കേന്ദ്രം ആവശ്യപ്പെട്ടതുപോലെ പഴയ രൂപത്തിലുളള പദ്ധതിരേഖ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഇന്ദിരാ ആവാസ് യോജന പദ്ധതി**

2868 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഭവനപദ്ധതിയായ ഇന്ദിരാ ആവാസ് യോജന പ്രകാരം ഒരു വീട് വയ്ക്കുന്നതിന് കേന്ദ്രം നൽകുന്ന തുകയെത്രയെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ ധനസഹായം വർദ്ധിപ്പിച്ച തുകയ്ക്ക് ആനുപാതികമായി കേന്ദ്ര സഹായം വർദ്ധിപ്പിക്കുമോയെന്നു വ്യക്തമാക്കുമോ;

(സി) കേന്ദ്ര സഹായം വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക ബാദ്ധ്യത വർദ്ധിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരമൊരു സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിന് ഉണ്ടാകുന്ന പ്രതിസന്ധിയെസംബന്ധിച്ച് വിലയിരുത്താമോ; പ്രസ്തുത പദ്ധതിയ്ക്കായുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ഇന്ദിര ആവാസ് യോജന പദ്ധതിയിന്‍കീഴില്‍ തദ്ദേശ സ്ഥാപനങ്ങള്‍ക്ക് നീക്കിവച്ച തുക</u>**

**2869 ശ്രീ. കെ. രാധാകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതിയിന്‍കീഴില്‍ തദ്ദേശ സ്ഥാപനങ്ങള്‍ക്ക് സംസ്ഥാന വിഹിതമായി 2011-12 -ല്‍ നീക്കിവയ്ക്കപ്പെട്ട തുകയെത്രയെന്നറിയിക്കാമോ ;

(ബി) പ്രസ്തുത തുകയില്‍ 2011-12 -ല്‍ എത്ര തുക തദ്ദേശസ്ഥാപനങ്ങള്‍ക്ക് നല്‍കിയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**എൽ. എസ്. ജി. ഡി. സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

**2870** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എൽ.എം, എസ്.ജി.എസ്.വൈ, (ജനറൽ) ഐ.എ.വൈ എന്നീ പദ്ധതികൾ പ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവർത്തിയും ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ 2012-2013 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് എന്നും ഓരോന്നിനും നീക്കിവെച്ച തുക എത്രയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ രൂപീകരണം**

**2871** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പദ്ധതിയുടെ അഞ്ചാം വർഷത്തെ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധിക്കേണ്ടിയിരുന്ന ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ രൂപീകരണം ഓരോ ജില്ലയിലും നടന്നത് എന്നാണ് എന്ന് അറിയിക്കുമോ ;

(ബി) ഏത് വകുപ്പാണ് പ്രസ്തുത ഗ്രൂപ്പുകൾ രൂപീകരിച്ച് ഉത്തരവിറക്കിയത് എന്നറിയിക്കുമോ ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി വിഭജിച്ചതുകൊണ്ട് പ്രസ്തുത ഗ്രൂപ്പുകളുടെ രൂപീകണത്തിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതി തളളൽ</u>

T 2872 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ്കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2003 മുതൽ വിവിധ ബാങ്കുകളിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പയുടെ പലിശ എഴുതി തളളുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായി;

(ബി) ആയതുമായി ബന്ധപ്പെട്ട് എത്ര തുകയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് അറിയിക്കുമോ;

(സി) പലിശ എഴുതി തളളുന്നതിനുളള നടപടികൾ പ്രവർത്തിപഥത്തിൽ എത്തുന്നതുവരെ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി നടപടികൾ നിർത്തിവയ്പിക്കുന്നതിനുളള നിർദ്ദേശം ബാങ്കുകൾക്ക് നല്കുമോ;

(ഡി) വിദ്യാഭ്യാസ വായ്പയെടുത്ത് ദുരിതത്തിലായ കുടുംബങ്ങൾക്ക് ആശ്വാസമേകുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ റോഡുകൾ**

**2873 ശ്രീ. വി. ചെന്താമരക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ 2005ന് ശേഷം പൂർത്തീകരിച്ച പി.എം.ജി.എസ്.വൈ റോഡുകൾ ഏതെല്ലാം വിശദമാക്കുമോ;

(ബി) നിലവിൽ പ്രവൃത്തി നടക്കുന്ന റോഡുകൾ ഏതെല്ലാമാണ്;

(സി) പുതുതായി ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പി. എം. ജി. എസ്.വൈ റോഡുകൾ**

**2874 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ - തൂണേരി - തോടന്നൂർ ബ്ലോക്കുകളിൽപ്പെട്ടതും കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതുമായ പി. എം. ജി. എസ്.വൈ.പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം റോഡുകളാണ് ഇനിയും പണിതീരാനുള്ളത് എന്ന് പറയാമോ;

(ബി) ഓരോ റോഡുകളുടേയും നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) ഇനിയും ഫണ്ട് അനുവദിക്കാനും അനുമതി നൽകാനുമുള്ള കുറ്റ്യാടി മണ്ഡല പരിധിയിൽ വരുന്ന റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലെ നബാർഡുമായി സഹകരിച്ചുള്ള പദ്ധതികൾ</u>**

2875 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് നബാർഡുമായി സഹകരിച്ച് ഏതെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പുതിയ പദ്ധതികൾക്ക് നിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ പേര് മാറ്റം**

**2876 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ**

2877 **ശ്രീ. ജി.എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ 2011 ഡിസംബർ മാസംവരെ വി.ഇ.ഒ. ഗ്രേഡ് -2, വി.ഇ.ഒ ഗ്രേഡ് -1 എന്നീ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ആകെ എണ്ണം എത്രയാണെന്ന് പ്രത്യേകമായി അറിയിക്കുമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാരിൽ ഏതുവർഷം വരെ നിയമനം ലഭിച്ച ജീവനക്കാർക്കാണ് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്; ഈ നടപടിയിൽ 1:1 എന്ന് അനുപാതം കൃത്യമായി പാലിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) 2010 വരെ നിയമിതരായ വി.ഇ.ഒ. ഗ്രേഡ് -2 തസ്തികയിലുള്ള ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് കഴിഞ്ഞ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട അപാകതകൾ പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ; അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സംസ്ഥാന ഗ്രാമവികസന വകുപ്പിൽ**
**ജോയിന്റ് ബി.ഡി.ഒ. മാരുടെ ഒഴിവുകൾ**

2878 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിൽ എത്ര ജോയിന്റ് ബി.ഡി.ഒ. മാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് പറയാമോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ എന്ന് നികത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഒഴിവുകളുമായി സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും ഒടുവിലായി നിയമനം ലഭിച്ചയാളുടെ സീനിയോറിറ്റി നമ്പർ, പേര്, നിയമിക്കപ്പെട്ട ഓഫീസ് എന്നിവ വിശദമാക്കുമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**ബി. ഡി. ഒ. നിയമനം സ്പെഷ്യൽ റൂൾ**

**2879 ശ്രീ. ഇ. കെ. വിജയൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) **ഗ്രാമവികസന വകുപ്പിൽ ബി. ഡി. ഒ നിയമനത്തിലെ സ്പെഷൽ റൂൾ പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;**

(ബി) **ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?**

**കേരള നിയമസഭ**

**22.06.2012 -ലെ മറുപടിക്ക്**

**<u>സംസ്ഥാന ഗ്രാമവികസന വകുപ്പിൽ നിന്ന് റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ</u>**

**2880 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാന ഗ്രാമവികസന വകുപ്പിൽ നിന്ന് 2013 ഡിസംബർ മാസം മുപ്പത്തി ഒന്നാം തീയതി വരെ റിട്ടയർചെയ്യുന്ന ബി. ഡി. ഒ. മാർ, ജോയിന്റ് ബി. ഡി. ഒ. മാർ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ എന്നിവരെ സംബന്ധിച്ചുളള, പേര്, സീനിയോറിറ്റി നമ്പർ, റിട്ടയർ ചെയ്യുന്ന തീയതി തുടങ്ങി എല്ലാ വിശദവിവരങ്ങളും ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഗ്രാമവികസന വകുപ്പിന് 2011-12 -ൽ സംസ്ഥാന പദ്ധതി നടത്തിപ്പിനായി നീക്കിവയ്ക്കപ്പെട്ട തുക**

**2881 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന് 2011-12 -ൽ സംസ്ഥാന പദ്ധതി നടത്തിപ്പിനായി നീക്കിവയ്ക്കപ്പെട്ട തുക എത്രയെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് പറയാമോ ;

(സി) ചെലവഴിച്ച തുക അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ഐ. എ. വൈ. പദ്ധതി**

**2882 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. എ. വൈ. പദ്ധതിയ്ക്ക് 2011-12 വർഷത്തിലെ ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു ; ചെലവഴിച്ച തുകയിൽ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി വകകൊള്ളിച്ചതും ചെലവഴിച്ചതും ആയ തുകകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ഡോ. എ.പി.ജെ അബ്ദുൾ കലാം നിർദ്ദേശിച്ച പത്തിന വികസന പദ്ധതി</u>**

**2883 ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2005-ൽ മുൻരാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൾ കലാം കേരളത്തിനായി നിർദ്ദേശിച്ച പത്തിന വികസന പരിപാടികൾ എന്തൊക്കെയായിരുന്നുവെന്നും അവയിൽ ഏതൊക്കെ നടപ്പാക്കിയെന്നും പറയാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ശ്രീ. സാം പിട്രോഡ നിർദ്ദേശിച്ചിരിക്കുന്ന വികസന പദ്ധതികൾ എന്തൊക്കെയെന്നും, അവയിൽ ഏതൊക്കെയാണ് നടപ്പാക്കുകയെന്നും വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതി നിർദ്ദേശങ്ങളിൽ മുൻ രാഷ്ട്രപതി നിർദ്ദേശിച്ചവ പ്രായോഗികമല്ലാത്തതു കൊണ്ടാണോ പുതിയ വികസന പദ്ധതി കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അടിസ്ഥാന വികസനത്തിന് പ്രാധാന്യം</u>

2884 **ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് പ്രാധാന്യം നൽകി എന്തൊക്കെ പദ്ധതികൾക്കാണ് സംസ്ഥാന സർക്കാർ മുൻതൂക്കം നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ക്ഷീരവികസന വകുപ്പിൻ കീഴിൽ 2011-12 വർഷത്തിൽ അനുവദിക്കപ്പെട്ട മൊത്തം പദ്ധതി വിഹിതം**

**2885 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പിൻ കീഴിൽ 2011-12 വർഷത്തിൽ അനുവദിക്കപ്പെട്ട മൊത്തം പദ്ധതി വിഹിതം എത്രയാണെന്ന് അറിയിക്കുമോ; എത്ര തുക ചെലവഴിച്ചു;

(ബി) ക്ഷീര വികസന മേഖലയിൽ എത്ര പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) പ്രസ്തുത പദ്ധതി ഓരോന്നിനും അനുവദിക്കപ്പെട്ട തുക എത്ര; ചെലഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ക്ഷീരകർഷക തൊഴിലുറപ്പ് പദ്ധതി**

2886 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

**2887 ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;**

(ബി) **ഇവർക്ക് കൂലി നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്നും അറിയിക്കുമോ;**

(സി) **അളക്കുന്ന പാലിന്റെ അടിസ്ഥാനത്തിൽ ക്ഷീകർഷകർക്ക് കൂലി നൽകുന്ന സമ്പ്രദായം കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പാലും പാലുല്പന്നങ്ങളുടെ ഉല്പാദനവും</u>

2888 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ ഉപയോഗത്തിനായുളള പാലും പാലുല്പന്നങ്ങളും സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നതിലേക്കായി ക്ഷീര വികസന വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത്;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെയും മറ്റുൽപ്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ആണ് ചെയ്തുവരുന്നത്; വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുകയും വിപണനം ചെയ്യപ്പെടുകയും ചെയ്യുന്ന പാലിന്റെയും, പാലുല്പന്നങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, മായം ചേർക്കൽ തടയുന്നതിനുമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി</u>

2889 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷീരകർഷകരെ സഹായിക്കുന്നതിന് പശു വളർത്തൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുവാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇപ്പോൾ സംസ്ഥാന ആവശ്യത്തിന്റെ എത്ര ശതമാനമാണ് ഉല്പാദനമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കലാമണ്ഡലത്തിന്റെ വികസനം**

2890 ശ്രീ. വി. റ്റി. ബൽറാം
,, ഡൊമനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കലാമണ്ഡലത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കലാമണ്ഡലത്തിലെ ഭൗതിക വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കലാമണ്ഡലത്തിന് യു. ജി. സി. യുടെ വിശേഷാൽ പദവി ലഭിച്ചിട്ടുണ്ടോ ; ആയതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ പുന:സംഘടന**

2891 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭാഷയുടേയും സാഹിത്യത്തിന്റേയും പരിപോഷണത്തിനായി രൂപം കൊണ്ട കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ 22.03.2012-ലെ 171/12/ഇഅഉ ഉത്തരവ് പ്രകാരം പുന:സംഘടിപ്പിച്ചപ്പോൾ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ ഉത്തരവിലൂടെ അക്കാദമി ജനറൽ കൗൺസിലിലെത്തിയവർ സാഹിത്യത്തിലെ ഏതൊക്കെ മേഖലകളെ പ്രതിനിധാനം ചെയ്യുന്നവരാണെന്ന് വ്യക്തമാക്കാമോ; ഇവരുടെ പേരും മേൽവിലാസം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സർക്കാർ സംരക്ഷണയിലുള്ള ചരിത്ര സ്മാരകങ്ങൾ**

2892

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സംരക്ഷണയിലുള്ള എത്ര ചരിത്ര സ്മാരകങ്ങളാണ് നിലവിലുള്ളത്; അവയുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്മാരകങ്ങൾ സംരക്ഷിക്കാൻ എത്ര തുക ഈ സർക്കാർ അധികാരമേറ്റ ശേഷം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>സംഗീത നാടക അക്കാദമി അവാർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ</u>**

2893 **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമി ഇക്കൊല്ലം അക്കാദമി അവാർഡുകൾ പ്രഖ്യാപിച്ചത് എന്നായിരുന്നു;

(ബി) പ്രസ്തുത അവാർഡ് പ്രഖ്യാപന സമയത്ത് ജേതാക്കൾക്ക് എത്ര തുക സമ്മാനമായി നൽകുമെന്നാണോ പ്രഖ്യാപിച്ചിരുന്നത്;

(സി) പ്രഖ്യാപനം നടത്തിയ തുക ജേതാക്കൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കേരള സംഗീത നാടക അക്കാദമി നൽകുന്ന അവാർഡ് തുക നിശ്ചയിക്കുന്നതിനുള്ള അധികാരമാർക്കാണ്; ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**കേരള സംഗീത നാടക അക്കാദമിയുടെ ഘടന**

**2894 ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമിക്ക് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ടോ;

(ബി) ജനറൽ കൗൺസിൽ രൂപീകരണം വൈകുന്നതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) അക്കാദമി നൽകിവരുന്ന ഫെല്ലോഷിപ്പുകൾ, അവാർഡുകൾ എന്നിവ ജനറൽ കൗൺസിലിന്റെ അഭാവത്തിൽ നിശ്ചയിക്കുന്നതിൽ ആക്ഷേപം ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>ശാസ്ത്രീയ സംഗീതം ഇംഗ്ലീഷ് നൊട്ടേഷനിലേയ്ക്ക് വിവർത്തനം ചെയ്തുകൊണ്ടുള്ള ഗ്രന്ഥം</u>**

**2895 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല സ്വദേശി, ശാസ്ത്രീയ സംഗീതം ഇംഗ്ലീഷ് നൊട്ടേഷനിലേയ്ക്ക് വിവർത്തനം ചെയ്ത ഗ്രന്ഥം തയ്യാറാക്കി സർക്കാരിന് നൽകുകയും സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണയോഗ്യമെന്നു കണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറുകയും ചെയ്ത ഗ്രന്ഥം എന്തുകൊണ്ടാണ് ഇനിയും പ്രസിദ്ധീകരിക്കാത്തത് എന്നു വ്യക്തമാക്കുമോ;

(ബി) ഇദ്ദേഹം അവസാനമായി ഇതു സംബന്ധിച്ച് സർക്കാരിനു നൽകിയ പരാതിയിലെ വിഷയങ്ങൾ പരിശോധിച്ചോ എന്നു പറയുമോ; ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'തെക്കൻപാട്ടുകൾ' എന്ന സാഹിത്യശാഖ**

2896

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'തെക്കൻപാട്ടുകൾ' എന്ന സാഹിത്യശാഖ നിലനിന്നിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തു സാഹിത്യശാഖയുടെ എത്ര പുസ്തകങ്ങളാണ് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(സി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) തെക്കൻപാട്ടുകളെക്കുറിച്ച് പുതിയ തലമുറയിൽ പ്പെട്ട ഗവേഷകർക്കും സാഹിത്യപ്രേമികൾക്കും സാംസ്കാരിക പ്രവർത്തകർക്കും വിജ്ഞാനം പകരുന്നതിന് എന്തു നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>ബുദ്ധപ്രതിമ സംരക്ഷണം</u>

2897 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മാവേലിക്കര ബുദ്ധ ജംഗ്ഷനിലുള്ള ബുദ്ധപ്രതിമ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പനമ്പിള്ളി ഗോവിന്ദമേനോൻ പ്രതിമ**
**പുന:സ്ഥാപിക്കാൻ നടപടി**

**2898 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യശ്ശ:ശ്ശരീരനായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ ചാലക്കുടി സൗത്ത് ജംഗ്ഷനിൽ സ്ഥാപിച്ചിരുന്ന പ്രതിമ അനാഥമായി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിമ പുന:സ്ഥാപിക്കാൻ സ്ഥലം അനുവദിക്കുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>കെ. മാധവന്‍ ഫൗണ്ടേഷന്‍</u>

**2899 ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയായ ശ്രീ. കെ. മാധവന്റെ സ്മരണാര്‍ത്ഥം കാഞ്ഞങ്ങാട് പ്രവര്‍ത്തിക്കുന്ന കെ. മാധവന്‍ ഫൗണ്ടേഷന് 2011-012 - ലെ ബജറ്റ് പ്രസംഗത്തില്‍ സാംസ്കാരിക വകുപ്പില്‍ നിന്നും അനുവദിച്ച പത്തുലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കില്‍ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>പ്രാദേശിക മാധ്യമപ്രവര്‍ത്തകര്‍ക്ക് ക്ഷേമനിധി</u>**

**2900 ശ്രീ. സി.കെ. സദാശിവന്‍**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**പ്രാദേശിക മാധ്യമപ്രവര്‍ത്തകര്‍ക്ക് ക്ഷേമനിധി ആനുകൂല്യങ്ങള്‍ നല്‍കുന്നതിനാവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പത്രങ്ങൾക്കും ദൃശ്യമാധ്യമങ്ങൾക്കും പരസ്യം നൽകിയ തുക**

2901 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റശേഷം പത്രങ്ങൾക്കും ദൃശ്യ മാധ്യമങ്ങൾക്കും പരസ്യയിനത്തിൽ നൽകിയ തുക വേർതിരിച്ച് വിശദമാക്കുമോ?**

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**സാമൂഹ്യ-സാമ്പത്തിക ജാതി സർവ്വേ**

2902 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച സാമൂഹ്യ-സാമ്പത്തിക-ജാതി സർവ്വേ യുടെ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് സർവ്വേയുടെ നടത്തിപ്പ് ചുമതല വഹിക്കുന്ന താരാണെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വേ എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യ മിട്ടിരുന്നത്;

(ഡി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പ്രവാസികൾക്കായി തിരിച്ചറിയൽ കാർഡും പെൻഷനും</u>

2903 ശ്രീ. കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഇന്ത്യൻ വർക്കേഴ്സ് പെൻഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതിയുടെ പ്രയോജനങ്ങൾ ലഭിക്കുന്നത്;

(സി) ഏകീകൃത തിരിച്ചറിയൽ കാർഡ് വിതരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തിനനുസൃതമായി ഈ പെൻഷൻ പദ്ധതി പരിഷ്ക്കരിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ**

**2904** **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് അവർ ജോലിചെയ്യുന്ന രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ കാരണം ജോലി നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരെ സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>ഗ്ലോബൽ എൻ. ആർ. കെ മീറ്റ് 2011</u>**

2905 ശ്രീ. പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പും നോർക്ക റൂട്ട്സും ചേർന്ന് ഗ്ലോബൽ എൻ.ആർ.കെ മീറ്റ് 2011 എന്ന പേരിൽ സംഘടിപ്പിച്ച സംഗമത്തിലെ സുപ്രധാന തീരുമാനങ്ങൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിൽ വരുത്തേണ്ടവയുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനങ്ങളുടെ വെളിച്ചത്തിൽ പ്രവാസികളുടെ പുനരധിവാസം എന്ന ആശയം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ:

(ഡി) മീറ്റിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പു സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പ്രവാസി ലീഗൽ എയ്ഡ് സെൽ**

2906 ശ്രീ. അൻവർ സാദത്ത്
'' ഷാഫി പറമ്പിൽ
'' പി.എ. മാധവൻ
'' റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ലീഗൽ എയ്ഡ് സെല്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിദേശങ്ങളിൽ നിയമക്കുരുക്കിൽപ്പെട്ട് ജയിലിൽ അടയ്ക്കപ്പെടുന്ന പ്രവാസികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സെൽ വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സെൽ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പ്രവാസി ക്ഷേമത്തിന് നോർക്ക നടപ്പാക്കുന്ന പദ്ധതികൾ</u>

2907 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമം ഉറപ്പാക്കാൻ നോർക്ക എന്തെല്ലാം കാര്യങ്ങളാണ് ഈ കാലയളവിൽ ചെയ്തിട്ടുളളത്;

(ബി) പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇനി ആവിഷ്കരിച്ചു നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**'സ്വപ്ന സാഫല്യം പദ്ധതി' പ്രകാരം നാട്ടിലെത്തിയവർ**

**2908** **ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അറേബ്യൻ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന കേരളീയരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് രൂപം നൽകിയ 'സ്വപ്നസാഫല്യം പദ്ധതി' നടപ്പാക്കിയോ; എങ്കിൽ എന്നുമുതലാണ് ഇത് നടപ്പാക്കിയത്;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേരെയാണ് തിരികെ നാട്ടിൽ എത്തിച്ചത്;

(സി) ഏതെല്ലാം ജില്ലകളിൽ നിന്നുള്ളവരെയാണ് ഇത്തരത്തിൽ തിരികെ എത്തിച്ചതെന്നും അവരെ ഏതെല്ലാം അറേബ്യൻ രാജ്യങ്ങളിൽ നിന്നുമാണ് തിരികെയെത്തിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**പ്രവാസികൾക്ക് പെൻഷൻ**

**2909** **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അറുപത് വയസ്സു കഴിഞ്ഞ പ്രവാസികൾക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രതിമാസ പെൻഷൻ എന്ത് തുകയായിരിക്കും;

(സി) പെൻഷൻ വിതരണം ഏത് ഏജൻസി മുഖേന നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**ക്യൂബക്കിലേയ്ക്ക് അനധികൃത റിക്രൂട്ട്മെന്റ്**

2910 **പ്രൊഫ. എൻ. ജയരാജ്**
**ശ്രീ. റോഷി അസ്റ്റിൻ**
**,, പി. സി. ജോർജ്**
**,, എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാനഡയിലെ ക്യൂബക്കിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നതിനായി അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ക്യൂബക്കിലെ ഐ.എൽ.റ്റി.എസ്. കോച്ചിംഗ് സെന്ററുകളിൽ പഠനം നടത്തി വിജയിക്കുന്നതിലൂടെ പൗരത്വം നേടാമെന്ന് വിശ്വസിപ്പിച്ച് തട്ടിപ്പ് നടത്തുന്ന സംഘങ്ങളെക്കുറിച്ച് അടിയന്തരമായി അന്വേഷിക്കുമോ;

(സി) കഴിഞ്ഞ കാലങ്ങളിൽ ഇത്തരം റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന ഇപ്രകാരം ക്യൂബക്കിലേയ്ക്ക് പോയിട്ടുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കൂടുതൽ പേർ ഇത്തരത്തിൽ കബളിപ്പിക്കപ്പെടാതിരിക്കാൻ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ എണ്ണം</u>

2911 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) ഇവരുടെ സാമൂഹ്യ-സാമ്പത്തിക പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രവാസികളെ എ.പി.എൽ, ബി.പി.എൽ തരംതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.06.2012 -ലെ മറുപടിക്ക്**

**<u>വിദേശരാജ്യങ്ങളിൽ വച്ച് പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കുമുള്ള ധനസഹായം</u>**

**2912 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ വച്ച് മരണമടയുന്ന മലയാളികളുടെ കുടുംബങ്ങൾക്ക് നോർക്ക മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്;

(ബി) എന്ത് മാനദണ്ഡ പ്രകാരമാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പരിക്കേറ്റവർക്കുള്ള ധനസഹായം ഏത് രീതിയിലാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**നോർക്കാ റൂട്ട്സ് മുഖേനയുള്ള ചികിത്സാ ധനസഹായം**

**2913 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നോർക്കാ റൂട്ട്സ് മുഖേന പ്രവാസികൾക്ക് ചികിത്സാധനസഹായം നൽകുന്നതിനുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ചെയർമാൻ ഫണ്ട് എന്ന പേരിൽ ചികിത്സാ ധനസഹായം നൽകുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>സാന്ത്വനം ചികിത്സാ ധനസഹായം</u>**

**2914 ശ്രീ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നോർക്കാ റൂട്ട്സ് നടപ്പിലാക്കിയിട്ടുളള സാന്ത്വനം ചികിത്സാ ധനസഹായ പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.06.2012 -ലെ മറുപടിക്ക്

**<u>എയർ ഇന്ത്യ സർവ്വീസുകൾ</u>**

**2915 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയർ ഇന്ത്യയുടെ സർവ്വീസുകൾ ഇടയ്ക്കിടെ റദ്ദാക്കി ഗൾഫ് യാത്രക്കാരെ ബുദ്ധിമുട്ടിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം ബുദ്ധിമുട്ടുന്ന യാത്രക്കാരുടെ ദുരിതങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ;

(സി) പ്രവാസികളുടെ ക്ലേശത്തിന് പരിഹാരം കാണുന്നതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് അറിയിക്കുമോ ?